അർഹമായവർക്ക് മിച്ചഭൂമി പതിച്ചുകൊടുക്കാൻ നടപടി

172(878) ശ്രീ. ബി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനാപുരം താലൂക്കിലെ ദർപ്പക്കുളം മിച്ചഭൂമി അർഹതപ്പെട്ടവർക്ക് പതിച്ചുനൽകുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) വാഴപ്പാറ-മാന്തോപ്പ് മേഖലയിലുള്ളവർക്ക് കൈവശരേഖ നൽകുവാൻ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) പത്തനാപുരം താലൂക്കിലെ ദർപ്പക്കുളം മിച്ചഭൂമി 1971-ലെ കേരള പ്രൈവറ്റ് ഫോറസ്റ്റ്സ് (Vesting and assignment)Act പ്രകാരം നിക്ഷിപ്ത വന ഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ഇതുവരെ പതിച്ചു നൽകിയിട്ടില്ലാത്തതാണ്. ദർപ്പക്കുളം മിച്ചഭൂമി അലോട്ടികളെപ്പറ്റി അന്വേഷണം നടത്തിയതിൽ പകരം ഭൂമി ലഭിക്കുന്നതിന് 20 പേരാണ് അർഹരായിട്ടുള്ളത്. ടി ഭൂമി ടി കക്ഷികൾക്ക് പതിച്ചു നൽകുന്നതിന് പത്തനാപുരം താലൂക്കിൽ കരവാളൂർ വില്ലേജിൽ 1,89,000 ഏക്കർ ഭൂമിയും, ഇടമുളയ്ക്കൽ വില്ലേജിൽ 2,73,000 ഏക്കർ ഭൂമിയും വിതരണ യോഗ്യമായി കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലം കക്ഷികൾക്ക് പതിച്ചു നൽകുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ ഉൾപ്പെട്ട 1117 കുടുംബങ്ങൾക്ക് റിക്കോർഡുകൾ തയ്യാറാക്കിയിട്ടുണ്ട്. അതിൽ 851 കുടുംബങ്ങൾക്ക് കൈവശ രേഖകൾ വിതരണം ചെയ്തിട്ടുള്ളതാണ്. ശേഷിക്കുന്ന കൈവശക്കാർക്ക് കൈവശ രേഖകൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കുന്നത്തുനാട് മണ്ഡലത്തിൽ ഭൂമി പതിച്ചു നൽകാൻ നടപടി

173(879) ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തുനാട് മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്രപേർക്ക് ഭൂമി പതിച്ച് നൽകിയിട്ടുണ്ട് ;

(ബി) പ്രസ്തുത കാലയളവിൽ എത്രപേർക്ക് കൈവശരേഖ നൽകിയിട്ടുണ്ട് ;

(സി) ഭൂമി പതിച്ചുകിട്ടുന്നതിനായി എത്ര അപേക്ഷകളാണ് ഇപ്പോൾ നടപടിയാകാതെ അവശേഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്രപേർക്കുകൂടി ഈ സർക്കാരിന്റെ കാലാവധിയിൽ പട്ടയം നൽകുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly